കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി.1/235/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി. 06.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/235/2019 തീയതി 06.03.2019

## കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20.09.2017 മുതൽ 13.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽഒന്നിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.2.2019 മുതൽ 13.2.2019 വരെ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മനോഹരൻ.എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.ഷൈനി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ദിശ.ആർ.കെ | സീനിയർഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സോളി ജോസഫ്. | 01.04.17 മുതൽ 31.3.18വരെ |
| സെക്രട്ടറി | .ശ്രീ.എൻ.രവീന്ദ്രൻ | 01.04.17 മുതൽ7.9.17വരെ |
| | ശ്രീ.പി.ജിനചന്ദ്രൻ .അസി.സെക്രട്ടറി | 8.9.17മുതൽ30.10.17വരെ |
| | ശ്രീ.പി.ടി.അബ്ദുൾസലാം | 31.10.17മുതൽ31.3.18വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | വിലാസം |
| അസി.സെക്രട്ടറി | ശ്രീമതി.പ്രിയ | 29-1-18 മുതൽ 31.03.18വരെ |
| | ശ്രീ.പി.ജിനചന്ദ്രൻ | 1-4-17മുതൽ 28-1.18വരെ |
| വി.ഇ.ഒ | ശ്രീ.ജോസ് കുര്യാക്കോസ് | 01.04.17 മുതൽ 31.03.18വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.പത്മാവതി.കെ | 01.04.17 മുതൽ 31.03.18വരെ |
| അഗ്രി.ഓഫീസർ | ശ്രീമതി.ജിഷ.പി ജി | 01.04.17 മുതൽ 15.9.17വരെ |

| | | |
|---|---|---|
| | ശ്രീ.സാജിദ്അഹമ്മദ്.കെ | 16.9.17മുതൽ 29.10.17 |
| | ശ്രീമതി.അഞ്ജലി.എ.ഹരി | 30.10.17മുതൽ31.3.18വരെ |
| മെഡി.ഓഫീസർ(പിഎച്ച്സി) | ഡോ:നൈസി തോമസ് | 01.04.17 മുതൽ 31.03.18വരെ |
| വെറ്റിനറി ഡോക്ടർ | ഡോ:ഡിജേഷ് ഉണ്ണികൃഷ്ണൻ | 01.04.17 മുതൽ 31.03.18വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സാദിഖ് അലി.കെ.പി | 01.04.17 മുതൽ 31.03.18വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി .ആർഷരാമചന്ദ്രൻ<br>ശ്രീമതി.ശാന്തി.ആർ .എസ്സ്<br>പ്രദീപ്കുമാർ.പി<br>റാഷി.പി.ആർ | 01.04.17 മുതൽ 14.06.17വരെ<br>15-6-17മുതൽ4-10-17വരെ<br>5-10-17മുതൽ19-10-17വരെ<br>20-10-17മുതൽ31-3-18വരെ |
| മെഡി.ഓഫീസർ(ഹോമിയോ) | ഡോ:സലി | 01.04.17 മുതൽ 31.03.18വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 28.3.17 ലെ 60/17 നം.തീരുമാനപ്രകാരം അംഗീകരിച്ചു. കേരള പഞ്ചായത്തീ രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ) സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരോട് 2017-18ബജറ്റ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കത്തയയ്ക്കുന്നതുതന്നെ 18.1.2017 നാണ്. അതുപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസൽ സർപ്പിച്ചിട്ടുള്ളത് 16.3.2017 ന് മാത്രമാണ്.

(ബി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്[ സെക്ഷൻ 214 (1എ)]. എന്നാൽ 2017-18 ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് 24.3.2017 നാണ്.

അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2018 | 30-05-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 25.06.2018 - 26.06.2018 | കെ.എസ്.എ കെകെഡി /ഇ2/1111 /2018(29) തിയ്യതി 9/07/2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13335698 |
| വരവ് | 59895002 |
| ആകെ | 73230700 |
| ചെലവ് | 68899558 |
| നീക്കിയിരിപ്പ് | 4331142 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16126000 | 16126000 | 13338093 | 2787907 |
| സന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1609017 | 1609017 | 1584200 | 24817 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1144535 | 1144535 | 1143366 | 1169 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 14001000 | 14001000 | 13121528 | 879472 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3465000 | 3465000 | 3439264 | 25736 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11789986 | 11789986 | 6476091 | 5313895 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1313991 | 1313991 | 1220129 | 93862 |
| എം.ജി.എൻ. | തൊഴിലാളി | 0 | 16757018 | 16757018 | 16757018 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആർ.ഇ.ജി.എസ് | കളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3217 | 1519446 | 1522663 | 1389408 | 133255 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| MPLADS | | 144314 | 5376 | 149690 | - | 149690 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 911900 | 911900 | 878900 | 33000 |
| | ജില്ലാ പഞ്ചായത്ത് | | 600000 | 600000 | 528900 | 71100 |
| ബി ഫണ്ട് | | 0 | 25903760 | 25903760 | 25903760 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | | | 120000 | 120000 | 120000 | |
| വികലാംഗപെൻഷൻ | | | 1915600 | 1915600 | 1915600 | |
| തൊഴിൽ രഹിതവേതനം | | | 25560 | 25560 | 25560 | |
| കർഷകതൊഴിലാളി പെൻഷൻ | | | 3871100 | 3871100 | 3871100 | |
| വാർദ്ധക്യകാല പെൻഷൻ | | | 12926500 | 12926500 | 12926500 | |
| വിധവ പെൻഷൻ | | | 6864200 | 6864200 | 6864200 | |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | | 180800 | 180800 | 180800 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 7520739 | 6468000 | 13988739 | 880757 | 13107982 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5155718 | 5639826 | 10795544 | 7490433 | 3305111 |
| | ട്രഷറി അക്കൗണ്ട് | - | - | - | - | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 194 | 63448882 | 133 | 44112125 | 2 | 59 | 69 |

ഡി.പി.സി. അഗീകാരം ലഭിച്ച 194പ്രൊജക്ടുകളിൽ 133 എണ്ണം മാത്രമാണ് ഓഡിറ്റ് വർഷം പൂർത്തീകരിച്ചിട്ടുള്ളത്. ആകെ പദ്ധതി അടങ്കലായി വകയിരുത്തിയ 63648882 രൂപയിൽ 44112125 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്.

അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 136 പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ഇതിൽ 79 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി സമഗ്രമായ റോഡ് വികസനം സാധ്യമാക്കുന്നതിന് പകരം ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ച് ചെറിയ പ്രവൃത്തികളാക്കി കരാറുകാരെ ഏൽപ്പിക്കുന്ന രീതിയാണ് പിൻതുടരുന്നത്. മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പതിവു ശൈലിയിലുള്ള പ്രൊജക്ടുകൾ തന്നെയാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. മലയോര പ്രദേശങ്ങളിലുള്ള പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുതകുന്ന പ്രൊജക്ടുകളൊന്നും തൻവർഷം നടപ്പാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് തടസ്സം നേരിടുകയുണ്ടായി.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3217 | 1519446 | 1522663 | 1389408 | 133255 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16757018 | 16757018 | 16757018 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25560 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 3871100 | 348 |
| വിധവാപെൻഷൻ | 6864200 | 568 |
| വാർദ്ധക്യകാലപെൻഷൻ | 12926500 | 1021 |
| വികലാംഗപെൻഷൻ | 1915600 | 179 |
| അവിവാഹിതരായ | 180800 | 16 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിവാഹ ധന സഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-2-19ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവ് തുകയായ 2070 /- രൂപ അതേ ദിവസം തന്നെ ബാങ്കിൽ അടവാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ പരിശോധന വേളയിൽ ക്യാഷ് ബാലൻസ് ഇല്ലായിരുന്നു.

## 1-10 ആഭ്യന്തരനിയന്ത്രണം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണകാര്യക്ഷമത ഉറപ്പാക്കുന്നതിന് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തിയപ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം വേണ്ടത്ര ഫലപ്രദമല്ലെന്ന കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും വേണ്ടത്ര കാര്യക്ഷമമല്ല. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക് & ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഡിപ്പോസിററ് രജിസ്ററർ, ആസ്തിരജിസ്ററർ, തെരുവുവിളക്ക് രജിസ്റ്റർ, എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഡിപ്പോസിററ് രജിസ്റ്ററിൽ നീക്കിയിരിപ്പു തുകയുടെ സംക്ഷിപ്തം വർഷം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. രശീതി പ്രകാരമുള്ള ദൈനംദിന പണംപിരിവ്, ഒടുക്ക്, എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് മേൽനോട്ട സംവിധാനം നിലവിലുണ്ട്. ഭരണസമിതി മിനുട്സ് സൂക്ഷിപ്പ് കാര്യക്ഷമമല്ല. സകർമ്മ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ ഭരണസമിതി മിനുട്സ് യഥാസമയം പ്രിന്റെടുത്ത് ബൈൻഡ് ചെയത് സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിലെ ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും യാത്രകൾ ഭരണസമിതി അംഗീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. യാത്ര നടത്തി ഒരു വർഷത്തോളം കഴിഞ്ഞാണ് യാത്രകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്.പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും ധനപരമായ ഇടപാടുകളിലെ ഇത്തരം ന്യൂനതകളിലേക്ക് ശ്രദ്ധചെലുത്തി കാണുന്നില്ല. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ വിവിധ ആവശ്യങ്ങൾക്കായി കൂടരഞ്ഞി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലേക്ക് അനുവദിക്കുന്ന ചെക്കുകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ നിന്നും മാറിയെടുക്കുന്നതിന് അകാരണമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കുന്നതിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതി മുമ്പാകെ വെയ്ക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തു പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യാപാരികളെയും കമ്പനികളെയും കണ്ടെത്തി തൊഴിൽ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവന്ന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ഡി&ഒ ലൈസൻസുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ച് വരുന്നത്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്ന് കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമല്ലാതിരുന്നതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ട് പല പ്രവൃത്തികളും നടപ്പാക്കാൻ സാധിച്ചിട്ടില്ല. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പലപ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ലഭ്യമായ ഫണ്ടുകൾ നഷ്ടപ്പെടാനിടയാക്കി. ആസ്തിരജിസ്റ്റർ യഥാസമയം കാലികമാക്കിയിട്ടില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-12-2018 | 1/1/2018to31/1/18 | പി എ യു 1, ടി1/18 16/2/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-06-2017 | 2012-13 to 2016-17 | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കിലെ അപാകതകൾ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ സെക്രട്ടറി 7-7-18 ൽ സമർപ്പിച്ച മറുപടി പരിശോധിച്ചതിനുശേഷം ഉൾപ്പെടുത്തുന്നപരാമർശങ്ങൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകയ്ക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ പ്രൊവിഷൻ കൊടുത്തില്ല.
3. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
4. ബാങ്ക് റീ കൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല.
5. 2016-17 ലെ ബാലൻസ് ഷീറ്റ് പ്രകാരം (ബി -15) 2,10,897/- രൂപ വസ്തു നികുതി (റസിഡൻഷ്യൽ ) ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 59,954/- രൂപ മാത്രമേ പിരിഞ്ഞ് കിട്ടാനുള്ളൂ. തൻവർഷം കുടിശ്ശികയിനത്തിൽ 59,225/- രൂപ ഈടാക്കിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുള്ള 2288/- രൂപ ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല.
6. 2016-17 ലെ ബാലൻസ് ഷീറ്റ് പ്രകാരം (ബി -15) 1,80,561/- രൂപ വസ്തു നികുതി (നോൺ റസിഡൻഷ്യൽ ) ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 1,70,943/- രൂപ മാത്രമേ പിരിഞ്ഞ് കിട്ടാനുള്ളൂ. തൻവർഷം കുടിശ്ശികയിനത്തിൽ 1,25,321/- രൂപ ഈടാക്കിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാൻ 50,086/- രൂപ ഉണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ 55,373/- രൂപയാണ് കുടിശ്ശികയായി രേഖപ്പെടുത്തിയത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് -സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ(എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും, 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് മേൽ ഉത്തരവിന്റെ പിൻബലത്തിൽ നികുതി ചുമത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 8/414 | 65 | വിനു സഹദേവൻ, മുളകുളത്ത് |
| 2 | 8/421 | 188 | തോമസ്, പുതിയേടത്ത് ചാലിൽ |

| | | | |
|---|---|---|---|
| 3 | 11/55 എ | 165 | ശശീന്ദ്രൻ എ ആർ, ആമുകാക്കൽ, കൂടരഞ്ഞി, 673604 |
| 4 | 12/809 | 155 | സോഫിയ ബർണാഡ്, എരിഞ്ഞേരി |
| 5 | 14/66 | 128.75 | ജോസഫ്, പാറക്കൽ, കൂടരഞ്ഞി, 673604 |
| 6 | 14/191 | 69 | ശിവദാസൻ, വാര്യമാട്ടിൽ, കൂടരഞ്ഞി 673604 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. സഞ്ചയയിൽ എൻട്രി വരുത്തിയപ്പോൾ ഉണ്ടായ പിശകുകളാണ് അപാകങ്ങൾക്ക് കാരണം എന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിലും ഈ അപാകത സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1)ം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ - 1538

100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് - 11

വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ - 6

വ്യവസായിക ആവശ്യത്തിനുള്ളത് – 212

ഇതര വ്യവസായത്തിനുള്ളത് – 50

റിസോർട്ട്-- 7

ഹോം സ്റ്റേ/സ്വകാര്യ ഹോസ്റ്റൽ – 42

ആകെ – 1866

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1866 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 303 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മേൽ കെട്ടിട ഉടമകളൊന്നും വേക്കൻസി റെമിഷനായി അപേക്ഷ നൽകാത്ത സാഹചര്യത്തിൽ നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. ഇക്കാര്യം പഞ്ചായത്ത് ഇതുവരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം പോലും നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച് ,പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്

തൊഴിൽ നികുതി ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നിയമപരമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1). കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങാവുന്നതുമാണ്

2). കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ,ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടാവുന്നതാണ്.

3). കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ,ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

4). വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

മേൽ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം ( ഡി & ഒ രജിസ്റ്റർ) | അപേക്ഷകന്റെ പേര് | കെട്ടിട നം/സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 63 | പി എ ജോസഫ് | 11/366എ ചോയ്സ് ഇന്ത്യ റബ്ബർ പ്രൊഡക്റ്റ് | 4 |
| 64 | സാബു എബ്രഹാം | 8/342 എ | 4 |
| 168 | ഡെന്നിസ് ജോസഫ് | 12/358, ഒലിവേര ഡിസൈൻസ് | 4 |

എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടികൾക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മേൽനോട്ടം വഹിക്കേണ്ടതും പ്രസ്തുത നികുതിദായകരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്

## **2-4** കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു- നികുതി നഷ്ടം സംഭവിക്കുന്നു

2017-18 വർഷത്തെ ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 303 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. എന്നാൽ സ്ഥാപനങ്ങളുടെ /കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ഉപയോഗ ക്രമം തെറ്റായി കാണിച്ചതായി കാണുന്നു. ഇത് മൂലം

നികുതി നഷ്ടം സംഭവിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഡി&ഒലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ | ഡി&ഒലൈസൻസ് അപേക്ഷ/രജിസ്റ്റർ പ്രകാരംകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര് (സഞ്ചയ) | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 25 | 12/700 | പി എച്ച് എം ട്രേഡേർസ് | ഷീബ. എം. എ. | പാർപ്പിടാവശ്യം |
| 142 | 12/198 | മിനർവ ബേക്കറി | ഷറഫുദ്ദീൻ, ഇളംതുരുത്തിൽ | പാർപ്പിടാവശ്യം |
| 207 | 12/546 | കെ ടി ഉണക്ക മൽസ്യക്കട | ജോസ്, വാതല്ലൂർ | പാർപ്പിടാവശ്യം |
| 18 | 14/463 | ശ്രീ ഗംഗ ടൈംസ് | എൻ ജെ ജോണി, നടുക്കുടിയിൽ, കൂടരഞ്ഞി, 673604 | പാർപ്പിടാവശ്യം |
| 37 | 14/367<br>14/369<br>14/370 | കടമ്പനാട്ട് ഫെർടിലൈസർസ് | കെ എസ് ദേവസ്യ, കുരിശുംമൂട്ടിൽ | പാർപ്പിടാവശ്യം |
| 49 | 14/385 | തെക്കഞ്ചേരി ട്രേഡേർസ് | ജെയ്സി തോമസ്, കുന്നേൽ, കൂടരഞ്ഞി | പാർപ്പിടാവശ്യം |
| 271 | 14/513 | പി സി മൊബൈൽസ് | ശിവദാസൻ, വാരിയമ്മാട്ട്, തിരുവമ്പാടി | പാർപ്പിടാവശ്യം |

പഞ്ചായത്തിലെ 12,14 വാർഡുകളിൽ ഡി& ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് പരിശോധനക്ക് വിധേയമാക്കിയിട്ടുള്ളത്. വാണിജ്യ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയത് മൂലം വലിയ നികുതി നഷ്ടമാണ് വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് സംഭവിച്ച് കൊണ്ടിരിക്കുന്നത്.വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ പരിശോധന നടത്തിയാണ് ഓരോ കെട്ടിടത്തിന്റെയും ഉപയോഗ ക്രമം സഞ്ചയയിൽ ചേർക്കേണ്ടിയിരുന്നത്. ഇങ്ങനെ ചെയ്യാത്തതിനാലാണ് നികുതി നഷ്ടം തുടർന്നു കൊണ്ടിരിക്കുന്നത്.പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം സഞ്ചയയിൽ രേഖപ്പെടുത്തിയത് കൃത്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മേൽനോട്ടം വഹിക്കേണ്ടതും ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തുന്നതു മൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയ്ക്കേണ്ടതുമാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തൊഴിലുറപ്പ് പദ്ധതി - ആവശ്യമായ ബില്ലുകൾ സമർപ്പിക്കാതെ മെറ്റീരിയിലുകളുടെ വില അനുവദിച്ചതും മറ്റപാകതകളും

2017-18 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ 18 പ്രവൃത്തികൾക്ക്, അവയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ ടെൻഡർ നടപടിയിലൂടെ സമാഹരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയ്ക്ക് ആവശ്യമായ മെറ്റീരിയൽ വിതരണം ചെയ്യാൻ 25.2.2017 ന് ടെണ്ടർ ക്ഷണിച്ചു. 18 പ്രവൃത്തികൾക്കാണ് മെറ്റീരിയൽ ആവശ്യമായിട്ടുള്ളത്. ഇതിന്റെ ഭാഗമായി ക്ഷണിച്ച ടെണ്ടർ പരസ്യത്തിൽ അംഗീകൃത വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നതിന് പകരം അംഗീകൃത കരാറുകാരിൽ

നിന്നുമാണ് മൽസര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചത്. അംഗീകൃത കരാറുകാരനിൽ നിന്ന് മെറ്റീരിയൽ വിതരണം ചെയ്തത് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച്, പണം നൽകിയപ്പോൾ, കരാറുകാരനിൽ നിന്ന് വിതരണ സ്ഥാപനത്തിന്റെ ക്യാഷ് ബിൽ ഹാജരാക്കിയതായി കാണുന്നില്ല. പ്രവൃത്തികൾക്ക് വിതരണം ചെയ്ത 40എം.എം. മെറ്റൽ, 20എം.എം. മെറ്റൽ, 10 എം.എം. മെറ്റൽ, സിമന്റ്, മണൽ എന്നിവയുടെ രേഖകൾ (ബില്ല്) ഫയലില്ല. വിതരണക്കാരന്റെ ക്യാഷ് ബില്ലിന്റെ അഭാവത്തിലാണ് പണം നൽകിയത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, എം.ബുക്ക്, മെറ്റീരിയലിന് അനുവദിച്ച തുക | മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരൻ | അളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ആനക്കല്ലുംപാറ ഉദയഗിരി റോഡ് പാർശ്വഭിത്തി നിർമ്മാണം<br>എം.ബുക്ക് 212/16-17<br>52485/- | ജമാൽ.ഇ | 1) എം.സാൻഡ് - 1.23 എം3<br>2) 20. എം.എം. മെറ്റൽ- 1.8375എം3<br>3) കരിങ്കല്ല് - 12.711 എം3<br>4) 10 എം.എം. മെറ്റൽ - 0.605 എം3<br>5) സിമന്റ് - 18ബാഗ് | |
| 2 | വഴിക്കടവ് വി സി ബി റോഡ് നിർമ്മാണം<br>214/16-17<br>106074/- | സിനോ ജോസഫ് | 1) 40 എം.എം. മെറ്റൽ - 7.9878 എം3<br>2) 20. എം.എം. മെറ്റൽ- 11.152എം3<br>3) 10 എം.എം. മെറ്റൽ- 2.7036എം3<br>4) എം.സാൻഡ് - 11.115എം3<br>5) സിമന്റ് - 120ബാഗ് | |
| 3 | കാക്കനാട്ടുപടി റോഡ് നവീകരണം<br>217/16-17<br>143349/- | ടി.വി.സെബാസ്റ്റ്യൻ | 1) 40 എം.എം. മെറ്റൽ - 10.7445 എം3<br>2) 20. എം.എം. മെറ്റൽ- 15.042എം3<br>3) 10 എം.എം. മെറ്റൽ- | 160 ബാഗ് സിമെന്റ് വാങ്ങിയതിന് സിമെന്റ് ഹൗസ് എന്ന സ്ഥാപനത്തിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 2088/20.3.17 – 53678രൂപ. |

| | | | | |
|---|---|---|---|---|
| | | | 3.6366എം3<br>4) എം.സാൻഡ് - 15.125എം3<br>5) സിമന്റ് - 162ബാഗ് | |
| 4 | സ്രാമ്പി കോളനി റോഡ് നവീകരണം<br>219/16-17<br>143587/- | ടി.വി.സെബാസ്റ്റ്യൻ | 1) 40 എം.എം. മെറ്റൽ - 10.659 എം3<br>2) 20. എം.എം. മെറ്റൽ- 15.1415എം3<br>3) 10 എം.എം. മെറ്റൽ- 3.645എം3<br>4) എം.സാൻഡ് - 15.015എം3<br>5) സിമന്റ് - 163ബാഗ് | 180 ബാഗ് സിമെന്റ് വാങ്ങിയതിന് സിമെന്റ് ഹൗസ് എന്ന സ്ഥാപനത്തിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 2034/9.3.17 – 72135രൂപ.<br>പ്രവൃത്തിക്ക് 163 ബാഗ് സിമന്റാണ് ആവശ്യമെങ്കിലും 180 ബാഗ് സിമന്റ് വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 5 | പന്നിയേരിക്കുന്ന് റോഡ് നവീകരണം<br>92/17-18<br>90295/- | സിനോ ജോസഫ് | 1) 40 എം.എം. മെറ്റൽ - 6.615എം3<br>2) 20. എം.എം. മെറ്റൽ- 9.5എം3<br>3) 10 എം.എം. മെറ്റൽ- 2.3എം3<br>4) എം.സാൻഡ് - 9.5526എം3<br>5) സിമന്റ് - 102.3ബാഗ് | |
| 6 | കൽപ്പാത്തി വീട്ടിപ്പാറ ബണ്ട് റോഡ് നവീകരണം<br>215/16-17<br>182637/- | സിനോ ജോസഫ് | 1) 40 എം.എം. മെറ്റൽ - 6.615എം3<br>2) 20. എം.എം. മെറ്റൽ- 9.5എം3<br>3) 10 എം.എം. മെറ്റൽ- 2.3എം3<br>4) എം.സാൻഡ് - 9.5526എം3<br>5) സിമന്റ് - 102.3ബാഗ് | |

| | | | | |
|---|---|---|---|---|
| 7 | കള്ളിപ്പാറ വയൽ റോഡ് നവീകരണം<br>221/17-18<br>144259/- | ജമാൽ.ഇ | 1) 40 എം.എം. മെറ്റൽ - 10.82എം3<br>2) 20. എം.എം. മെറ്റൽ- 15.14എം3<br>3) 10 എം.എം. മെറ്റൽ- 3.66എം3<br>4) എം.സാൻഡ് - 15.22എം3<br>5) സിമന്റ് - 163ബാഗ് | |
| 8 | കള്ളിപ്പാറ പെരുമ്പിലാപ്പുഴ റോഡ് നവീകരണം<br>219/17-18<br>144259/- | ജമാൽ.ഇ | 1) 40 എം.എം. മെറ്റൽ - 10.82എം3<br>2) 20. എം.എം. മെറ്റൽ- 15.14എം3<br>3) 10 എം.എം. മെറ്റൽ- 3.66എം3<br>4) എം.സാൻഡ് - 15.22എം3<br>5) സിമന്റ് - 163ബാഗ് | |
| 9 | കൽപ്പീനി മാവറപ്പടി റോഡ് നവീകരണം<br>13/17-18<br>113215/- | ജമാൽ.ഇ | 1) 40 എം.എം. മെറ്റൽ - 8.4825എം3<br>2) 20. എം.എം. മെറ്റൽ- 11.8755എം3<br>3) 10 എം.എം. മെറ്റൽ- 2.871എം3<br>4) എം.സാൻഡ് - 11.9408എം3<br>5) സിമന്റ് - 128ബാഗ് | 100 ബാഗ് സിമന്റ് വാങ്ങിയതിന് സിമന്റ് ഹൗസ് തൊമരക്കാട്ടിൽ ഹാർഡ് വെയർസ് എന്ന സ്ഥാപനത്തിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 04262/2.3.17 – 37500രൂപ.<br>പ്രവൃത്തിയ്ക്ക് 128 ബാഗ് സിമന്റ് ആവശ്യമുണ്ടെങ്കിലും 100 ബാഗ് സിമന്റ് വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 10 | വഴിക്കടവ് പയ്യമ്പള്ളി റോഡ് നവീകരണം | സിനോ ജോസഫ് | 1) 40 എം.എം. മെറ്റൽ - | |

| | | | | |
|---|---|---|---|---|
| | 213/16-17<br>122602/- | | 9.1897എം3<br>2) 20. എം.എം. മെറ്റൽ-12.8656എം3<br>3) 10 എം.എം. മെറ്റൽ-3.11എം3<br>4) എം.സാൻഡ് - 12.9363എം3<br>5) സിമന്റ് - 138.55ബാഗ് | |
| 11 | സ്രാമ്പി അമ്മാവൻപടി റോഡ് നവീകരണം<br>218/16-17<br>215594/- | ടി.വി.സെബാസ്റ്റ്യൻ | 1) 40 എം.എം. മെറ്റൽ - 15.9995എം3<br>2) 20. എം.എം. മെറ്റൽ-22.6625എം3<br>3) 10 എം.എം. മെറ്റൽ-5.4789എം3<br>4) എം.സാൻഡ് - 22.747എം3<br>5) സിമന്റ് - 244ബാഗ് | 245 ബാഗ് സിമെന്റ് വാങ്ങിയതിന് സിമെന്റ് ഹൗസ് എന്ന സ്ഥാപനത്തിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 2037/11.3.17 – 40258രൂപ. 2066/16.3.17– 41936രൂപ. പ്രവൃത്തിയ്ക്ക് 244 ബാഗ് സിമന്റാണ് ആവശ്യമെങ്കിലും 245 ബാഗ് സിമന്റ് വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 12 | ഉടുമ്പുപാറ റോഡ് നവീകരണം<br>218/17-18<br>144259/- | സിനോ ജോസഫ് | 1) 40 എം.എം. മെറ്റൽ - 10.82എം3<br>2) 20. എം.എം. മെറ്റൽ-15.14എം3<br>3) 10 എം.എം. മെറ്റൽ-3.66എം3<br>4) എം.സാൻഡ് - 15.22എം3<br>5) സിമന്റ് - 163ബാഗ് | |
| 13 | ആനയോട് മാവുകണ്ടം റോഡ് നവീകരണം<br>209/16-17 | ജമാൽ.ഇ | 1) 40 എം.എം. മെറ്റൽ - 8.96എം3<br>2) 20. എം.എം. | 200 ബാഗ് സിമെന്റ് വാങ്ങിയതിന് സിമെന്റ് ഹൗസ് തൊമരക്കാട്ടിൽ ഹാർഡ് വെയർസ് എന്ന സ്ഥാപനത്തിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | 119500/- | | മെറ്റൽ- 12.528എം3<br>3) 10 എം.എം. മെറ്റൽ- 3.06എം3<br>4) എം.സാൻഡ് - 12.6എം3<br>5) സിമന്റ് - 135ബാഗ് | ഇൻവോയ്സ് നം. 04583/23.3.17 – 75000രൂപ.<br>പ്രവൃത്തിയ്ക്ക് 135 ബാഗ് സിമന്റാണ് ആവശ്യമെങ്കിലും 200 ബാഗ് സിമന്റ് വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടുണ്ട്. |

മേൽ 13 പ്രവത്തികൾക്കായി 1722115 രൂപയുടെ മെറ്റീരിയൽ വിതരണം ചെയ്തതിനുള്ള തുക സമർപ്പിച്ചിട്ടുണ്ട്. ബില്ലുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഓരോ പ്രവൃത്തിക്കും ആവശ്യമായ അളവിലാണോ കരാറുകാരൻ മെറ്റീരിയൽ വിതരണം ചെയ്തതെന്ന് ഉറപ്പ് വരുത്താൻ സാധിച്ചില്ല. ബില്ലുകൾ സമർപ്പിക്കാതെ മെറ്റീരിയിലുകളുടെ വിലയിനത്തിൽ കരാറുകാർക്ക് തുക അനുവദിച്ചത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു വന്ന വീഴ്ചയാണ്.

2. ക്രമ നം. 3,4,9,11 പ്രവൃത്തികളിൽ കരാറുകാരൻ വിവിധ സ്ഥാപനങ്ങളിൽ നിന്ന് സിമന്റ് വാങ്ങി ഗ്രാമപഞ്ചായത്തിന് നൽകുകയായിരുന്നു എന്ന് വ്യക്തമാകുന്നു. അതായത് മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കാര്യത്തിൽ കരാറുകാരൻ ഒരു ഇടനിലക്കാരനായി പ്രവർത്തിച്ചു.

കരാറുകാരന് മേൽ മെറ്റീരിയിൽ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്യാനുള്ള അധികാരം മാത്രമാണ് നൽകിയിട്ടുള്ളത്. മെറ്റീരിയൽസ് വിതരണം ചെയ്യാനുള്ള അധികാരമില്ല. ക്യാഷ് ബില്ലിന്റെ അഭാവത്തിൽ ആവശ്യമായതിൽ കൂടുതൽ മെറ്റീരിയൽസ് പ്രവർത്തികൾക്ക് ഇഷ്യൂ ചെയ്തിട്ടുണ്ടോ എന്നും ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കാനായില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികൾ -പദ്ധതികൾ തയ്യാറാക്കുന്നതിലെ അപാകതകൾ

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല

ജി.ഒ.(എം.എസ്) നം./72/17/ ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ 12.10(1) പ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ അപ്രകാരം ചെയ്തിട്ടില്ല. റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി ആയതിനനുസരിച്ച് പ്രവൃത്തികൾ ചെയ്യുന്നതിന് പകരം ഒരേ റോഡിൽ തന്നെ വിവിധ റീച്ചുകൾക്ക് വ്യത്യസ്ത പ്രൊജക്ടുകൾ തയ്യാറാക്കി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ചു നൽകുകയാണ് ചെയ്തുപോരുന്നത്. റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി സമഗ്രമായ റോഡ് വികസനം സാധ്യമാക്കുന്നതിന് പകരം ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ച് ചെറിയ പ്രവൃത്തികളാക്കി കരാറുകാരെ ഏൽപ്പിക്കുന്ന രീതി പിൻതുടരുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

2. സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല.

അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 56 സ്പിൽ ഓവർ പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ആയതിൽ 18 പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല. ജി.ഒ.(എം.എസ്) നം./72/17/ത സ്വ.ഭ.വ തീയതി 29.3.17 പദ്ധതി മാർഗ്ഗരേഖയിലെ ഖ 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. 2017-18ലും പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവർ ആയ 18 പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടി വന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-3 തനത്ഫണ്ട് ചെലവുകൾ - രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകതകളും

ഓഡിററ് വർഷത്തെ തനതു ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

| ക്രമ നം | വൗച്ചർ നം. തിയ്യതി | ഇനം | തുക | അപാകത |
|---|---|---|---|---|
| 1. | 21700302/ 1.8.2017 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങിയതിന് ചെലവഴിച്ച തുക | 61153 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| 2. | 21701114/ 31.3.2018 | ഓഫീസിലേക്ക് ആവശ്യമായ സ്റ്റേഷനറി വാങ്ങിയതിന് ചെലവ് | 18804 | സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല |
| | | ആകെ | 79957 | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറി മുഖേന (നം.12/17-18) ആവശ്യപ്പെട്ടിരുന്നു. ആയതിന് നൽകിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് തുക 79957 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പാർട്ട് ടൈം സ്വീപ്പർമാർക്ക് യൂണിഫോം, ഫുട്ട് വെയർ അലവൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ചുവടെ ചേർത്ത പ്രകാരം യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ | കൈപ്പറ്റിയ ആൾ/ഇനം | തുക |
|---|---|---|
| 21700179/ 14.6.2017 | ശ്രീ.വി.സി.രാജൻ,പിടിഎസ്<br>യൂണിഫോം അലവൻസ്<br>ഫുട് വെയർ അലവൻസ് | 2400<br>450 |
| 21700180/ 14.6.2017 | ശ്രീ.ഗോപിനാഥ്, പി.ടി.എസ്<br>യൂണിഫോം അലവൻസ്<br>ഫുട് വെയർ അലവൻസ് | 2400<br>450 |
| | ആകെ | 5700 |

20.01.2016 ലെ (പി)07/2016/ധനം. ഉത്തരവിലൂടെ സർക്കാർ ജീവനക്കാരിൽ യൂണിഫോം അലവൻസ് (അനക്സ് XII), ഫുട്ട് വെയർ അലവൻസ് (അനക്സ്.VII)എന്നിവ അനുവദിക്കേണ്ടവർ ആരെല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ വിഭാഗത്തിൽ പെട്ടവർക്ക് യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പി.ടി.എസ്. വിഭാഗക്കാർക്ക് പ്രസ്തുത അലവൻസുകൾ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ പരിഗണിക്കുവാൻ കഴിയില്ലെന്ന് 12.05.2017 ലെ ഇ.9-26357/16 നം കത്തിലൂടെ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി മേൽ പ്രകാരം നൽകിയ തുക ഓഡിററിൽ അംഗീകരിക്കുന്നില്ല.

## 3-5 അഗതി ആശ്രയ ചാലഞ്ച് ഫണ്ട് അക്കൗണ്ടിൽ ക്രെഡിററുചെയ്യുതിൽ അനാവശ്യ കാലതാസം

അഗതി ആശ്രയ ചാലഞ്ച് ഫണ്ടിനത്തിൽ വരവ് വന്ന 555035/-രൂപ തനതുഫണ്ടിൽ നിന്നും കൂടരഞ്ഞി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ചെക്ക് നം. 20615/2.2.2018 പ്രകാരം സി.ഡി.എസി.ന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കാനറാബാങ്കിലുള്ള സി.ഡി.എസ്. അക്കൗണ്ടിൽ (നം.1698101005740) വരവ് പിടിച്ചിട്ടുള്ളത് 9.7.2018 നാണ്. സി.ഡി.എസിന്റെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 16.2.2018 ന് മേൽപ്രകാരമുള്ള ചെക്ക് കാനറാബാങ്കിൽ സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5 മാസം കഴിഞ്ഞാണ് തുക അക്കൗണ്ടിൽ ക്രെഡിററു ചെയ്തിട്ടുള്ളതെന്നു കാണുന്നു. അശരണരും നിരാലംബരുമായ അഗതി ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ട് അക്കൗണ്ടിൽ ക്രെഡിററു ചെയ്യുന്നതിനായി അകാരണമായ കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിററ് എൻക്വയറി (നം.16/17-18 /13.2.2019)നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. . അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസീലിയേഷനിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിയുടെ പ്രതിമാസ വരവുചെലവു കണക്കുകളുടെ പരിശോധനാ വേളയിലും മേൽപ്രകാരമുള്ള ചെക്ക് യഥാസമയം അക്കൗണ്ടിൽ ക്രെഡിററു ചെയ്യാത്തതു സംബന്ധിച്ച് ശ്രദ്ധിക്കപ്പെടാതിരുന്നത് പ്രധാന വീഴ്ചയാണ്. 5 മാസത്തോളം വൈകി തുക വരവുപിടിച്ചതിനാൽ പലിശയിനത്തിൽ തുക നഷ്ടപ്പെടാനിടയായിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും, അക്കൗണ്ടിൽ തുക ക്രെഡിററു ചെയ്യുന്നതിലുണ്ടായ കാലതാമസം പരിശോധിക്കേണ്ടതും, കൂടരഞ്ഞി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ അലംഭാവമുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തി മേൽനടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-6 ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ.ഉ.(പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്ത് ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ശമ്പള കുടിശ്ശികയുടെ 1, 2 ഗഡുക്കൾ താഴെ പറയുംപ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം/തീയതി | തുക |
|---|---|---|
| I | 21700003/4.4.2017 (സെക്രട്ടറി) | 50517 |
| | 21700004/4.4.2017 (റഗുലർ ജീവനക്കാർ) | 183901 |
| | 21700005/4.4.2017 | 18485 |

| | | |
|---|---|---|
| | (കണ്ടിജന്റ്) | |
| II | 21700492/6.10.2017<br>(സെക്രട്ടറി ) | 80427 |
| | 21700739/23.1.2018<br>21700740/23.1.2018<br>(റഗുലർജീവനക്കാർ, കണ്ടിജന്റ് ജീവനക്കാർ) | 46738<br>119863 |

ശമ്പളപരിഷ്കരണ കുടിശ്ശികയുടെ 3,4 ഗഡുക്കൾ 2018-19 വർഷത്തിലും അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48(1)പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, ശമ്പളപരിഷ്കരണ കുടിശ്ശികയിനത്തിൽ 2017-18വർഷത്തിൽ 2 ഗഡുക്കൾ കൈപ്പറ്റിയതുമായ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 തെരുവു വിളക്ക് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല

2017-18 വർഷം തെരുവു വിളക്കുകളുടെ വൈദ്യുതിചാർജ്ജിനത്തിൽ (കൺസ്യൂമർ നം.01244) 233225/-രൂപ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം, തരം, നിലവിൽ പ്രവർത്തനക്ഷമമായവ, എന്നീ വിവരങ്ങൾ തെരുവുവിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 വർഷത്തിൽ തെരുവുവിളക്കുകളുടെ വിശദാംശം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയതിനു ശേഷം പിന്നീട് കൃത്യമായ കണക്കുകൾ/വിവരങ്ങൾ എഴുതി സൂക്ഷിച്ചുവരുന്നില്ല. ഓരോ വർഷവും പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നുണ്ടെങ്കിലും ആയതു കൂടി ഉൾപ്പെടുത്തി പ്രവർത്തന ക്ഷമമായ മൊത്തം വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി കണക്കാക്കിയിട്ടില്ല. വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത വിളക്കുകളുടെ എണ്ണം, തരം എന്നിവ അടിസ്ഥാനപ്പെടുത്തി ശരിയാണോയെന്ന് പരിശോധിക്കപ്പെടുന്നില്ല. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുകയാണ് ചെയ്തുപോരുന്നത്. ഓഡിറ്റ് എൻക്വയറി (6/17-18) ന് ലഭ്യമാക്കിയ മറുപടിയിൽ 2016-17, 2017-18 വർഷങ്ങളിൽ തെരുവ് വിളക്ക് പുതിയതായി സ്ഥാപിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 2011-12 ന് ശേഷമുള്ള തെരുവ് വിളക്കുകളുടെ വിശദാംശങ്ങളൊന്നും രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഈ സാഹചര്യത്തിൽ ഓരോ വാർഡിലും പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, കേടാകുന്ന വിളക്കുകൾ യഥാസമയം അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് അതാത് വാർഡ് മെമ്പർമാർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 3-8 പത്രപരസ്യങ്ങൾ -പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ നിന്നും നല്കിയ പത്ര പരസ്യ ചാർജ്ജ് പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് തുക നല്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നമ്പർ/തീയതി | തുക (രൂ) | പത്രത്തിന്റെ പേര് |
|---|---|---|
| 21700041/11.4.2017 | 3600 | ചന്ദ്രിക |
| 21700043/11.4.2017 | 5112 | മാതൃഭൂമി |
| 21700100/8.5.2017 | 4984 | മാതൃഭൂമി |
| 21700204/24.6.2017 | 5592 | മാതൃഭൂമി |
| 21700205/24.6.2017 | 8520 | മാതൃഭൂമി |
| 21700208/24.6.2017 | 18640 | മാതൃഭൂമി |
| 21700209/24.6.2017 | 3000 | ചന്ദ്രിക |
| 21700862/5.3.2018 | 6854 | ദേശാഭിമാനി |
| 21700863/5.3.2018 | 22776 | മലയാളമനോരമ |
| 21700864/5.3.2018 | 22876 | മാതൃഭൂമി |
| 21700865/5.3.2018 | 19130 | ചന്ദ്രിക |

സ.ഉ.നം.17/(പി)ഐ.&പി.ആർഡി/തിയ്യതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്ക് പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൌണ്ടും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്താതെയാണ് പത്രങ്ങൾക്ക് തുക നല്കിയത്. പത്രപരസ്യങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ ഓരോ വർഷവും പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. സർക്കാർ ഉത്തരവു പ്രകാരം അർഹതപ്പെട്ട ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അർഹമായ ആനുകൂല്യം പ്രയോജനപ്പെടുത്തി ഈയിനത്തിലെ ചെലവു കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മേൽനോട്ടം വഹിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 111900<br><br>800000 | 1)മാനസികശാരീരികവെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ്<br><br>2)ക്ഷീരഗ്രാമം | 78900<br><br>800000 | 33000 |
| ജില്ലാ പഞ്ചായത്ത് | | 150000<br>450000 | 1)മാനസികശാരീരികവെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ്<br><br>2)ക്ഷീരഗ്രാമം | 78900<br><br>450000 | 71100<br>0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ഇൻസ്ററലേഷൻ ഓഫ് സ്ട്രീറ്റ് ലൈറ്റ് | | 599960 | 0 | 599960 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1100 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9853/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-5 | 9853 | രവീന്ദ്രൻ, സെക്രട്ടറി | 117020103573/19.1.2018 |

## 4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 11.13.43 | കുടിവെള്ള ജലസേചന പദ്ധതികൾപരിപാലന കമ്മിറ്റിയ്ക്ക് കൈമാറിയില്ല. | |
| 2001-02 | | 2004-05 | 11.13.35 | നികുതിപിരിവിൽ അലംഭാവം | |
| 2002-03 | 2-5 | 2006-07 | 379.1.18-100 | നികുതികാലഹരണം | |
| 2002-03 | 3-3 | 2006-07 | 379.5.7 | വാട്ടർചാർജ് | |
| 2002-03 | 3-5 | 2006-07 | 379.17.4 | നടപ്പാതനിർമ്മാണം പ്രവർത്തിപൂർത്തിയായില്ല. | |

| | | | | | |
|---|---|---|---|---|---|
| | | 2014-15 | 4.1.4-25 | ഖരമാലിന്യസംസ്കരണസംവിധാനം | |
| | | 2014-15 | 4.1.5-30 | വ്യവസായകേന്ദ്രങ്ങൾ. കെട്ടിടനിർമ്മാണത്തിൽമാത്രം ഒതുങ്ങുന്നു | |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4,187 | തൊഴിൽനികുതി അപാകതകൾ | |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5,211 | തൊഴിൽനികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 12,13, 15,21 | എ. പി . സതീന്ദ്ര ബാബു, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 8268/ സ്പെ. സെ 4/2000 തിയതി 4-5-01 | 940 | 940/ 20944/ 76/14 തിയതി 2 .06.01<br>20932 /51 തിയതി 27-01-01 | | | | | | |
| 2 | 2003-04 | 3-1 | എ.പി സനൽ കുമാർ, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 6394 സ്പെ. സെൽ 5/08 തിയതി 28-03.09 | 3650- | | | | | | 3650 | |

## 4-9 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59895002 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68899558 |
| വരവിനങ്ങളിലുള്ള നഷ്ടം | ---------- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 88457 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 5700 | രവീന്ദ്രൻ.എൻ, സെക്രട്ടറി |
| | ആകെ | 5700 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 61153 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-3 | 18804 | പി.ടി. അബ്ദുൾ സലാം, സെക്രട്ടറി |
| ആകെ | 79957 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രവീന്ദ്രൻ.എൻ സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | നടുത്തൊടികയിൽ, മാമ്പറ്റ പി.ഓ, കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 81-82 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/5.18 | 6 (8b,12,19,20,21,23} |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18//.5.18 | 10(CAR) |
| 2001-02(DCB) | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/.5.18 | ( 3) { ,2-1,3-5,3-6} |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/.5.18 | (2) {3-6,3-8} |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/.5.18 | (2) { 3-1,3-7} |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/.5.18 | (2){ 3-5,3-8} |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/5/.5.18 | 3-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/5/.5.18 | (4) . { 3-8,3-12,3-13,3-14} |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/5/.5.18 | (9) { 2-12,3-5,3-7,3-9, 3-14,3-23,3-24,3-26,3-10(CAR)} |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/5/.5.18 | (7) .{ 2-8(1),2-8(3), 2-9,3-12,3-13,3-15,3-16} |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.ഫി1/838 /18/.5.18 | (5) {.3-2,3-5(2),3-5(3),3-7,3-1(CAR)} |
| 2010-11- 11-12 | കെ.എസ്.എ.കെ.കെ.ഡി.ഫി1/617 /1/6/.5.18 | (5). {3-8,3-9,3-11,3-16,3-19} |
| 2012-13 2013-14 | കെ.എസ്.എ.കെ.കെ.ഡി.ഫി1/617 /1/6/.5.18 | (17) .{ 2-2,3-1,3-2,3-3,3-4,3-5,3-7, 3-8,3-9,3-10,3-11,3-14, 3-15,3-17,3-18,3-19,3-20} |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/617 /1/6/.5.18 | 14, {(2-3(1),2-3(2), 2-3(3),2-4,3-1,3-3,3-2,3-4, 3-7,3-10,3-12,3-16,3-17,3-20)} |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/617 /1/6/.5.18 | 10, {2-2,3-3,3-6,3-7, 3-8,3-9,3-13,3-15,3-16,3-17} |
| 2016-17 | കെഎസ്.എ.കെ.കെ.ഡി.പി1/813 /17/15.2.18 | 23{2-1,2-2,2-3,2-4,2-5, 2-6,3-1,3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,3-13, 3-14,3-15,3-16,3-17} |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ..കെ.കെ.ഡി.പി.1/235/2019 തിയതി: 06.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവുംകുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ

രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്